LIBRARY ARCHIVES.Kerala Legislative Assembly

ട്രോളിംഗ് നിരോധനം

110 (4445) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺകാല ട്രോളിംഗ് നിരോധനംമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ ;

(ബി) ട്രോളിംഗ് നിരോധന കാലയളവിൽ എത്ര ടൺ മത്സ്യം അധികമായി ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ, ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധനം നടപ്പിലാക്കുക വഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനാകും എന്നതാണ് ട്രോളിംഗ് നിരോധനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം.

(ബി) ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതുവഴി മത്സ്യസമ്പത്തിൽ വർദ്ധനവ് ഉണ്ടായി എന്ന് കണ്ടെത്തിയിട്ടുണ്ട്. കൃത്യമായ അളവ് കണക്കാക്കപ്പെട്ടിട്ടില്ല.

കുട്ടനാട് പാക്കേജ്

111 (4446) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽപ്പെടുത്തി ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കുട്ടനാട് പാക്കേജിൽപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :